IT

<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.331

24/06/2014-ൽ മറുപടിക്ക്

## കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രീകൃത സ്വഭാവം നഷ്ടപ്പെടുത്തുന്നത് തടയാൻ നടപടി

<u>ചോദ്യം</u>

ശ്രീ. ജെയിംസ് മാത്യു
ശ്രീ.എം.എ.ബേബി
ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീമതി.പി.അയിഷാ പോറ്റി

(എ) കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രീകൃത സ്വഭാവം നഷ്ടപ്പെടുത്തുന്ന നടപടികൾ സ്വകാര്യ ഫാക്ടറി ഉടമകൾ സ്വീകരിക്കുന്നത് തടയാൻ തയ്യാറാകുമോ; ഇതു മൂലം ഈ മേഖലയിലെ തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്ന വെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

<u>ഉത്തരം</u>

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രീകൃത സ്വഭാവം നഷ്ടപ്പെടുത്തുന്ന നടപടികൾ സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകൾ സ്വീകരിക്കുന്നത് തടയുന്നതിനായി കാഷ്യുസ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് അൺരജിസ്റ്റേഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രോഹിബിഷൻ ആക്ട് പ്രകാരം കുടിവറുപ്പ് കേന്ദ്രങ്ങൾക്കെതിരെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർമാർ ഫാക്ടറി നിയമപ്രകാരം അൺരജിസ്റ്റേഡ്കാഷ്യൂ ഫാക്ടറികളിലെ നിയമലംഘനങ്ങൾക്കെതിരെയും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അനധികൃതമായി നടക്കുന്ന കശുവണ്ടി സംസ്കരണ ജോലികൾ ചെയ്യുന്ന തൊഴിലാളികൾ ചൂഷണത്തിന് ഇരയാകുന്നുണ്ട്. കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് നാളിതുവരെ 170-ഓളം ഫാക്ടറികളിൽ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ നിയമലംഘനങ്ങൾ പരിഹരിച്ച ഫാക്ടറികൾക്കെതിരായുള്ള നടപടികൾ അവസാനിപ്പിക്കുകയും ബാക്കിയുള്ളവയ്ക്കെതിരെ തുടർ നിയമ നടപടികൾ സ്വീകരിച്ച് വരികയുമാണ്.

| | |
|---|---|
| (ബി) ഫാക്ടറികൾ ഒഴിവാക്കി കടിവറുപ്പ് സമ്പ്രദായം വ്യാപിപ്പിക്കുന്നത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ തടയുന്നതിനാണെന്നതിൽ നിലപാട് വ്യക്തമാക്കുമോ ; | (ബി) ഫാക്ടറികൾ ഒഴിവാക്കി കടിവറുപ്പ് സമ്പ്രദായം സ്വകാര്യ ഫാക്ടറി ഉടമകളുടെ ഒത്താശയോടുകൂടി വ്യാപിപ്പിക്കുന്നത് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നത് ഒഴിവാക്കുന്നതിനാണ്. ഇത് തടയുന്നതിനായി കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ നിന്നും അനധികൃത സംസ്കരണ കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ നിറുത്തിവയ്ക്കുന്നതിനാവശ്യമായുള്ള നടപടികൾ സ്വീകരിക്കുകയും സാധ്യമായ കേന്ദ്രങ്ങളിൽ നിയമപ്രകാരം റെയിഡ്,പിടിച്ചെടുക്കൽ എന്നിവ നടത്തി കോടതികളിൽ കേസ് ചാർജ്ജ് ചെയ്യുന്നുണ്ട്. ഇപ്രകാരം 7 കേസുകൾ കടിവറുപ്പ് നടത്തിയവർക്കെതിരെ കോടതിയിൽ ഫയൽ ചെയ്യുകയും അതിൽ ഒരു കേസിൽ കുറ്റക്കാരന് 6 മാസം തടവും 25000/- രൂപ പിഴയും ചുമത്തി വിധി വരുകയുണ്ടായി. മറ്റു കേസുകൾ വിചാരണയുടെ ഘട്ടത്തിലുമാണ്. കൂടാതെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന യൂണിറ്റുകൾ കണ്ടെത്തുകയും അവയിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള നാലു യൂണിറ്റുകളെ നിയമപ്രകാരം രജിസ്റ്റർ ചെയ്യിച്ച് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. |
| (സി) സ്വകാര്യ ഫാക്ടറി ഉടമകളുടെ ചൂഷണം തടയുന്നതിനും കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യത്തോടെ കൂടുതൽ ദിനങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യത്തോടെ തൊഴിൽ ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പെക്സിനും ലാഭ - നഷ്ടം കണക്കാക്കാതെ പ്രവർത്തിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം സർക്കാർ നൽകി വരുന്നു. കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട തോട്ടണ്ടി വാങ്ങുന്നതിനും ഫാക്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടിയാണ് സർക്കാർ സഹായം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ